**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വികാസ് ഭവൻ, തിരുവനന്തപുരം**

**കെ.എസ്.എ.408/എസ്റ്റാ.1/2020 (2)** **തീയതി : 14.02.2020**

## <u>സർക്കുലർ നം. 01/2020</u>

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജീവനക്കാര്യം – 2020–21 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നത് – സംബന്ധിച്ച്

സൂചന : 25.02.2017 ലെ സ.ഉ(പി) നം.03/2017/ഉഭപവ നമ്പർ ഉത്തരവ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ 2020–21 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഇതോടൊപ്പമുള്ള നിർദ്ദിഷ്ട പെർഫോർമയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ സ്ഥലംമാറ്റത്തിനായി 3 ചോയിസുകൾ ജീവനക്കാർക്ക് നൽകാവുന്നതാണ്. നിർദ്ദിഷ്ട പെർഫോർമയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അപേക്ഷകർ പൂർണ്ണമായും നൽകേണ്ടതാണ്. ഓരോ അപേക്ഷകന്റേയും സ്പാർക്കിലെ സർവീസ് ഹിസ്റ്ററി സംബന്ധിച്ച ഡേറ്റാഷീറ്റിന്റെ പകർപ്പുകൂടി അയച്ചുനൽകേണ്ടതാണ്. അപേക്ഷയിലെ വിശദാംശങ്ങൾ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ച് കാര്യാലയമേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പൂർണ്ണമായ അപേക്ഷകൾ 2020 മാർച്ച് 10 നകം ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. മാർച്ച് 10 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പൊതുസ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതല്ല.

(ഒപ്പ്)
**ഡയറക്ടർ**

1. എല്ലാ ഉപകാര്യാലയമേധാവികൾക്കും
2. ഡയറക്ടറേറ്റ്

**അംഗീകാരത്തോടെ**

**ഓഡിറ്റ് ഓഫീസർ**

**പൊതുസ്ഥലംമാറ്റം ചട്ട പ്രകാരം സമർപ്പിക്കുന്ന അപേക്ഷ**

| | | |
|---|---|---|
| 1 | പേര് | |
| 2 | തസ്തിക | |
| 3 | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയത്തിന്റെ പേര് | |
| 4 | ജനന തീയതി, വയസ്സ് | |
| 5 | ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി | |
| 6 | ഓരോ കാര്യാലയങ്ങളിലും ജോലി ചെയ്തിരുന്ന കാലയളവ്, അവധി മുതലായ വിശദവിവരങ്ങൾ (അപേക്ഷകന്റെ സർവീസ് ഹിസ്റ്ററി സംബന്ധിച്ച സ്പാർക്ക് ഡേറ്റാ ഷീറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 7 | വകുപ്പുതല പരീക്ഷകൾ വിജയിച്ചതിന്റെ വിശദാംശങ്ങൾ | |
| 8 | സ്വന്തം സ്ഥലം, ജില്ല (സ്വന്തം ജില്ല സംബന്ധിച്ച് ഒരു ഡിക്ലറേഷൻ കൂടി സമർപ്പിക്കേണ്ടതാണ്) | |
| 9 | മാറ്റം ആവശ്യപ്പെടുന്നതിനുള്ള കാരണങ്ങൾ | |
| 10 | മാറ്റം ആവശ്യപ്പെടുന്ന സ്ഥലം, ജില്ല (1, 2,3 എന്നിങ്ങനെ മൂന്ന് ചോയിസുകൾ നൽകാവുന്നതാണ്) | |
| 11 | പ്രസക്തമായ മറ്റ് വിവരങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ (സ്ഥലംമാറ്റത്തിൽ സംരക്ഷണമുള്ള വിഭാഗമാണോ എന്നുള്ള വിവരം ഉൾക്കൊള്ളിക്കുക) | |

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

മേൽ വിവരങ്ങൾ പരിശോധിച്ച് ശരിയെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : ഓഫീസ് സീൽ ഓഫീസ് മേധാവിയുടെ

ഒപ്പ്, പേര്, തസ്തിക